# 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് (2003-ലെ 29) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ാം വകുപ്പിന്റെ (എ) ഖണ്ഡം 2020 ഫെബ്രുവരി 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും (ബി) ഖണ്ഡം 2020 മേയ് 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 2019-2020 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ധനകമ്മിയ്ക്ക് പുറമെ ഒറ്റത്തവണയായി 1471 കോടി രൂപ അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനത്തിന് അർഹത യുണ്ടായിരിക്കുന്നതും പ്രസ്തുത ഒറ്റത്തവണ അധിക വായ്പ 2019-2020 സാമ്പത്തിക വർഷത്തിൽ തന്നെ വിനിയോഗിക്കേണ്ടതുമാണ്.";

KNPP. 1946/2021.

(ബി) (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി നിലനിർത്തേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം ധനക്കമ്മിക്ക് പുറമെ ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം നടപ്പിലാക്കൽ, വ്യാപാരം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള പരിഷ്കാരങ്ങൾ, അർബൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ, ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ എന്നീ നാല് പ്രത്യേക സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായി, മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിൻെറ 2 ശതമാനം അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനം അർഹമാകുന്നതാണ്. ഇപ്രകാരമുള്ള അധികവായ്പ 2020-21 വർഷത്തിൽ തന്നെ വിനിയോഗിക്കേണ്ടതുമാണ്.

കുറിപ്പ്:—(i) ഓരോ സംസ്ഥാനതല പരിഷ്കാരങ്ങൾക്കും മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 0.25 ശതമാനം വെയിറ്റേജ് എന്ന തോതിൽ ഒരു ശതമാനം അധികവായ്പയും;

(ii) ബാക്കിയുള്ള ഒരു ശതമാനം അധിക വായ്പ 0.50 ശതമാനം വീതം രണ്ട് ഗഡുക്കളായി സംസ്ഥാനത്തിന് ലഭ്യമാകുന്നതാണ്. ആദ്യത്തെ ഗഡുവായ 0.50 ശതമാനം നിബന്ധനകളൊന്നുമില്ലാതെ തന്നെ സംസ്ഥാനത്തിന് ലഭ്യമാകുന്നതും രണ്ടാമത്തെ ഗഡു ലഭ്യമാകുന്നതിന് മുകളിൽ പ്രസ്താവിച്ചിട്ടുള്ള നാല് സംസ്ഥാനതല പരിഷ്കാരങ്ങളിൽ മൂന്നെണ്ണം എങ്കിലും പാലിക്കേണ്ടതുമാണ്." .

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ് (2021-ലെ 102) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.